പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2652 — 19-12-2012-ൽ മറുപടിക്ക്

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി പദ്ധതി നടപ്പിലാക്കിവരുന്ന ജില്ലകൾ ഏതെല്ലാമാണ്; ഓരോ ജില്ലയിലും പ്രസ്തുത പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയെത്ര; | (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിയിലെ ഒന്നാം ബാച്ചിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ വയനാട്, കാസർ ഗോഡ് എന്നീ ജില്ലകളിലെ 22 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. രണ്ടാം ബാച്ചിൽ കാസർ ഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ള പഞ്ചായത്തുകളെയാണ് ഉൾ പ്പെടുത്തുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലായതിനാൽ പ്രത്യേകമായി തുക ചെലവഴിച്ചിട്ടില്ല. |

(തുടർച്ച.....2)

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 16 ചെറുകിട ജലവിതരണ പദ്ധതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ കാലഹരണ പ്പെട്ടവയാണ്. ആയതുകൊണ്ട് പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പൂഞ്ഞാർ തെക്കേക്കര, പാറത്തോട് എന്നീ ഗ്രാമപഞ്ചായത്തുകൾ ജലനിധി രണ്ടാം ഘട്ടപദ്ധതിയുടെ രണ്ടാം ബാച്ചിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(സി) കുടിവെള്ള ലഭ്യത മുൻനിർത്തി പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തിരം കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ നൽകുമോ?

(സി) എരുമേലി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 53 കോടി രൂപയുടെ ബൃഹത് പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട ഉൾ പ്പെടെയുള്ള പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് "രാമപുരം-കടമ്പാട്-മേലുകാവ് "പദ്ധതിയിൽ പ്പെടുത്തി ജലശുദ്ധീകരണശാല നിർമ്മിക്കുവാൻ 6545 ലക്ഷം

(തുടർച്ച.... 3.)

രൂപയുടെ ഭരണാനുമതി
നൽകിയതനുസരിച്ച് തുടർ
നടപടികൾ സ്വീകരിച്ചുവരുന്നു.
പാലാ നഗരസഭയ്ക്കും സമീപ
പഞ്ചായത്തുകൾക്കും വേണ്ടിയുള്ള
557 കോടി രൂപാ അടങ്കൽ തുക
വരുന്ന പദ്ധതി വിദേശ
സാമ്പത്തിക സഹായത്തിനായി
കേന്ദ്ര ഗവൺമെന്റിനു
സമർപ്പിച്ചിട്ടുണ്ട്. തേവരുപാറ
കുടിവെള്ള പദ്ധതിയുടെ
നവീകരണത്തിന് 244.05 ലക്ഷം
രൂപയുടെ പദ്ധതി
ഭരണാനുമതിക്കായി
തയ്യാറാക്കിവരുന്നു. നിലവിലുള്ള
തലനാട് കുടിവെള്ള പദ്ധതിയുടെ
അറ്റകുറ്റപ്പണികൾക്കും
നവീകരണത്തിനുമായി
15.20 ലക്ഷം രൂപയുടെ പണികൾ
നടത്തുന്നതിനുള്ള നടപടികൾ
പുരോഗമിച്ചുവരുന്നു. മുമ്പ് പൂഞ്ഞാർ
മണ്ഡലത്തിന്റെ ഭാഗമായിരുന്ന
കടനാട് പഞ്ചായത്തിൽ ജലനിധി
ഒന്നാം ഘട്ടത്തിൽ പ്പെടുത്തി
പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ